

മറഞ്ഞൂ... ഈ കഥാകാരൻ

സാംസ്ക്കാരിക രംഗത്തും സാഹിത്യ ലോകത്തും നിരവധി പ്രമുഖ വ്യക്തിത്വങ്ങളെ സംഭാവന ചെയ്ത പയ്യന്നൂരിന്റെ സാംസ്ക്കാരിക തലസ്ഥാനമായ അന്നൂരിന്റെ സന്തതി പരമ്പരയിലെ ഇളം തലമുറക്കാരനായിരുന്നു സതീശൻ. ചുരുങ്ങിയ കാലം കൊണ്ട് ശ്രദ്ധേയമായ മുപ്പതോളം കൃതികൾ. അവയെല്ലാം തന്നെ കാര്യമാത്ര പ്രസക്തങ്ങളും. സാഹിത്യ രംഗത്ത് ഇനിയും ഒരുപാട് നേട്ടങ്ങൾ കൈവരിക്കണമെന്ന ആഗ്രഹത്തോടെ മുന്നോട്ടു നീങ്ങിയ ഈ കഥാകാരനെ പക്ഷേ വിധി, അതിനനുവദിച്ചില്ല. വ്യാഴാഴ്ച പുലർച്ചെ ഹൃദയാഘാതം അനുഭവപ്പെട്ട് ജീവിതത്തോട് വിട പറയുകയായിരുന്നു.

യു കെ ദിനേശൻ

സമകാലിക സംഭവങ്ങളെ നോവു പടർത്തി വരച്ചുവെച്ച് കഥചമയുക എന്ന എഴുത്തു രീതി പിന്തുടർന്ന കഥാകാരനായിരുന്നു കഴിഞ്ഞ ദിവസം കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പയ്യന്നൂർ, അന്നൂരിലെ ടി.സി.വി.സതീശൻ.

സാംസ്ക്കാരിക രംഗത്തും സാഹിത്യ ലോകത്തും നിരവധി പ്രമുഖ വ്യക്തിത്വങ്ങളെ സംഭാവന ചെയ്ത പയ്യന്നൂരിന്റെ സാംസ്ക്കാരിക തലസ്ഥാനമായ അന്നൂരിന്റെ സന്തതി പരമ്പരയിലെ ഇളം തലമുറക്കാരനായിരുന്നു സതീശൻ. ചുരുങ്ങിയ കാലം കൊണ്ട് ശ്രദ്ധേയമായ മുപ്പതോളം കൃതികൾ. അവയെല്ലാം തന്നെ കാര്യമാത്ര പ്രസക്തങ്ങളും. സാഹിത്യ രംഗത്ത് ഇനിയും ഒരുപാട് നേട്ടങ്ങൾ കൈവരിക്കണമെന്ന ആഗ്രഹത്തോടെ മുന്നോട്ടു നീങ്ങിയ ഈ കഥാകാരനെ പക്ഷേ വിധി, അതിനനുവദിച്ചില്ല. വ്യാഴാഴ്ച പുലർച്ചെ ഹൃദയാഘാതം അനുഭവപ്പെട്ട് ജീവിതത്തോട് വിട പറയുകയായിരുന്നു.

ഈ എഴുത്തുകാരന്റെ വേർപാട് സാഹിത്യ രംഗത്ത് വലിയൊരു ശൂന്യതയാണ് വരുത്തി വെച്ചിട്ടുള്ളത്. ഏറ്റവുമൊടുവിൽ എഴുതിയ ''തൊരക്കാരത്തി'' എന്ന നോവൽ പുസ്തക രൂപത്തിലാക്കി പ്രകാശനം ചെയ്യാനുള്ള ഒരുക്കത്തിനിടയിലാണ് ഈ കഥാകാരന്റെ മടക്കം. പത്ത് വർഷം മുമ്പാണ് സതീശൻ എഴുത്തിൽ സജീവമായത്. കണ്ണൂർ-കാസർകോട് ജില്ലകളിൽ കലാ-സാംസ്ക്കാരിക രംഗത്തു നിറസാന്നിധ്യമായിരുന്നു. അൽപ്പം ശാരീരികാസ്വാസ്ഥ്യമുണ്ടെങ്കിലും അതൊന്നും ഗൗനിക്കാതെ തന്നെയാണ് അദ്ദേഹത്തിന്റെ സമൂഹത്തിലെ ഇടപെടലുകൾ.

സതീശന്റെ എഴുത്തിൽ വിരിഞ്ഞ “രാത്രിമഴ പെയ്തിറങ്ങുകയാണ്” “ശിവകാശി പടക്കങ്ങൾ” എന്നീ കഥാസമാഹാരങ്ങളും “പെരുമാൾ പൂരം'' എന്ന നോവലും ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. കാലിക പ്രസക്തിയിലൂന്നിയുള്ള രചനകളാണ് ഇവയിലെല്ലാം മുഴച്ചു നിന്നത്.

ഈയിടെ എഴുതിയ ‘തൊരക്കാരത്തി'' എന്ന നോവൽ ദേശാഭിമാനി വാരികയിൽ ഖണ്ഡശയായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ഈ രചന പുസ്തകമാക്കി പ്രകാശനം ചെയ്യണമെന്നായിരുന്നു സതീശന്റെ വലിയ മോഹം. അതിനുള്ള ഒരുക്കങ്ങൾ നടത്തി വരികയുമായിരുന്നു. പയ്യന്നൂരിലെ എൽ.ഐ.സി ഏജന്റും പുരോഗമന കലാ സാഹിത്യ സംഘത്തിന്റെ സജീവ പ്രവർത്തകനുമായിരുന്നു അദ്ദേഹം. പുരോഗമന കലാ സാഹിത്യ സംഘം ദേശീയ സെമിനാറിനോടനുബന്ധിച്ച് 2012ൽ നടത്തിയ സംസ്ഥാനതല കഥാമത്സരത്തിലും 2013ൽ നടത്തിയ ജില്ലാതല കവിതാമത്സരത്തിലും വിജയിയായിരുന്നു. ആദ്യമായി എഴുതിയ “പെരുമാൾ പൂരം” നോവലിന് മലയാള പാഠശാലയുടെ ടി.പി.എൻ കൈതപ്രം നോവൽ പുരസ്ക്കാരം ലഭിച്ചിരുന്നു.

ഭാഷ കൊണ്ടും പ്രമേയം കൊണ്ടും വ്യതിരിക്തമായ പാന്ഥാവിലൂടെ സഞ്ചരിക്കുന്ന നോവൽ അധിനിവേശങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ദേശപെരുമകളെ തിരിച്ചു പിടിക്കുന്ന ആവാസയിടങ്ങളുടെ കാലിക പ്രസക്തിയെ വരച്ചു കാട്ടുന്ന കൃതിയാണെന്ന് അവാർഡ് സമിതി അംഗമായിരുന്ന പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ അഭിപ്രായപ്പെട്ടത് ഇവിടെ സ്മരിക്കുകയാണ്.

ഇരുപത്തിനാല് കഥകളടങ്ങിയതാണ് ''രാത്രിമഴ പെയ്തിറങ്ങുകയാണ്” എന്ന കഥാസമാഹാരം. സമയം പബ്ലിക്കേഷൻസ് പുറത്തിറക്കിയ ഈ പുസ്തകത്തിന് നല്ല പ്രതികരണമാണ് ലഭിച്ചത്. തന്റെ മനസ്സിൽ നേരിനു മാത്രം തിരികൊളുത്തി തിന്മകളെ കെടുത്തിവെച്ച രാഷ്ട്രീയക്കാരനായിരുന്ന പിതാവിന് സമർപ്പിക്കപ്പെട്ട പുസ്തകമായിരുന്നു ഇത്. ഈ ആദ്യ പുസ്തകത്തിൽ തന്നെ സതീശൻ എന്ന എഴുത്തുകാരനെ സമൂഹം ഏറ്റെടുത്തു.

ഈ പുസ്തകത്തിന്റെ അവതാരിക എഴുതിയത് അന്നൂരിന്റെ തന്നെ സന്തതിയായ, പിന്നീട് മലയാള സാഹിത്യരംഗത്ത് പ്രശസ്തനായ നോവലിസ്റ്റ് സി.വി ബാലകൃഷ്ണനായിരുന്നു.

ഹൃദയത്തിലേക്ക് വന്നെത്തുന്ന ചെറു നൊമ്പരങ്ങളോ ഇത്തിരി സന്തോഷങ്ങളോ കിനാവുകളോ ആശങ്കകളോ പങ്കുവെച്ചു കൊണ്ടാണ് ഒരു കഥാകാരൻ നമുക്കിടയിലൂടെ സഞ്ചരിക്കുന്നതെന്നും നനുത്ത വിഷാദവും പ്രണയത്തിന്റെ സന്നിഗ്ദ്ധതയും ജീവിതത്തിന്റെ ആരവങ്ങളും കലർന്നവയാണ് ഇദ്ദേഹത്തിന്റെ കഥകളെന്നും സി.വി. ബാലകൃഷ്ണൻ അവതാരികയിൽ പറയുന്നു.

സ്നേഹപൂർവ്വം വൃന്ദയ്ക്ക്, പവർകട്ട്,രാത്രിമഴ പെയ്തിറങ്ങുകയാണ്. ഗുലാം അലി പാടുന്നു എന്നിങ്ങനെ തുടങ്ങി അമാവാസി, ഒരു പകൽക്കിനാവിന്റെ പൊരുൾതേടി, ദിനവൃത്താന്തം വരെ നീണ്ട ഇരുപത്തിനാലോളം കഥകളിൽ ജീവിതമല്ലാതെ മറ്റൊന്നും കടന്നുവന്നിട്ടില്ല. ജീവിതത്തിന്റെ വിവിധ രംഗങ്ങൾ കണ്ടതിൽ നിന്നുണ്ടാവുന്ന പ്രതീതികളെ ഭാഷാരൂപമാക്കാനുള്ള പ്രേരണയാണ് കഥാരൂപമായി തീർന്നത്. എന്നും കഥയുടെ നിർമ്മാണ നിയമങ്ങളല്ല, ജീവിതത്തിന്റെ നിയമങ്ങളും അതിലേറെ നിയമലംഘനങ്ങളുമാണ് സതീശൻ എന്ന എഴുത്തുകാരനെ കഥയ്ക്കായി ഉണർത്തുന്നതെന്നും അനുബന്ധമായി പ്രശസ്ത നിരൂപകൻ ഇ.പി. രാജഗോപാലൻ വിഷമവും വിനിമയവും എന്ന പഠനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. 2014 നവംബറിലാണ് ശിവകാശി പടക്കങ്ങൾ എന്ന രണ്ടാമത്തെ കഥാസമാഹാരം പുറത്തിറക്കിയത്. ഇത് വായനക്കാർ ഇരുകൈയ്യും നീട്ടി സ്വീകരിച്ചു. മലയാളത്തിലെ സാഹിത്യ വിമർശകനും അറിയപ്പെടുന്ന പ്രഭാഷകനും അധ്യാപകനുമായ കെ.ഇ.എൻ. കുഞ്ഞഹമ്മദിന്റെ അവതാരികയോടെയാണ് ശിവകാശി പടക്കങ്ങൾ വായനക്കാരുടെ കൈകളിലെത്തിയത്.

അവതരണ ശൈലി കൊണ്ട് ശ്രദ്ധേയമാണ് സതീശന്റെ എഴുത്ത്. ഭാഷയുടെ ലാളിത്യം കൊണ്ട് വായനക്കാരന്റെ ഹൃദയത്തിലേക്ക് കടന്ന് കയറാൻ ഈ എഴുത്തുകാരന് സാധിച്ചുവെന്നതും ശ്രദ്ധേയം.

ശാരീരിക അവശതയിലായിരുന്നു സതീശന്റെ ജീവിതം. എങ്കിലും അതൊന്നും അദ്ദേഹത്തിന്റെ മുന്നോട്ടുള്ള ജീവിതത്തെ ബാധിച്ചിരുന്നില്ല. മരണം കൂട്ടിക്കൊണ്ടുപോകുന്നതിന് ഒരു ദിവസം മുമ്പ് സതീശൻ എന്ന ഈ കഥാകാരൻ ഫെയ്സ്ബുക്കിൽ കുറിച്ച വരികൾ വളരെ ഹൃദയസ്പർക്കായി മാറുന്നു.

ഇതായിരുന്നു ആ കുറിപ്പ്:

‘അപരാശിയിൽ പിറന്നതാവണം, കൂട്ട്യാത്തീരാത്ത പ്രാരാബ്ധങ്ങൾക്ക് നടുവിൽ ജനിച്ചതാവും ജീവിത വഴിയിൽ മുള്ള് നീങ്ങിയ നേരമില്ല.
നെരങ്ങിയാണ് നടത്തം.
ഞെരങ്ങിയാണ് കിടത്തം
രാവിലെ പിറന്ന സൂര്യനും
ഉച്ചയ്ക്ക് മുമ്പേ ഉറങ്ങിയ രാവിനും
ഒരേ ഇരുട്ടുനിറം.
കാലാണ് പറ്റിച്ചത്,
ഉടലാണ് പറ്റിച്ചത്
ഉഭയരാശിയിൽ ശനിയുടെ
രാഹുവിന്റെ അപഹാരം.
കന്നിലഗ്നത്തിൽ പാമ്പ് മുയലിനെ
നോക്കിച്ചിരിക്കുന്നു. മുയൽ
പന്തയത്തിൽ ജയിക്കുന്നില്ല.”

കവിഗ്രാമം അവാർഡ് തിളക്കത്തിൽ

അവാർഡുകൾ ലഭിക്കുന്നത് ആരുടെയും ഔദാര്യമോ, അനുകമ്പയോ കൊണ്ടല്ല. അങ്ങിനെ ആയിരിക്കുകയുമരുത്. ഈ പക്ഷം പൊതുവെ അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും അടുത്ത കാലത്തായി അവാർഡുകൾക്കും ആദരവുകൾക്കും ബഹുമതികൾക്കും ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിൽ തർക്കമില്ല. മുടക്കാൻ പണം ഉണ്ടെങ്കിൽ അവാർഡോ ഡോക്ടറേറ്റോ വാങ്ങിക്കൊടുക്കാൻ ആൾക്കാർ തേടിവരും. ഇക്കാര്യത്തെ ആഴത്തിൽ സമീപിക്കുകയും പഠിക്കുകയും ചെയ്തവർക്ക് ഇതേകുറിച്ച് യാതൊരു സംശയത്തിനും ഇടയില്ല. അനുഭവങ്ങൾ നമുക്കിടയിൽ തന്നെ ധാരാളം. പക്ഷെ ദാനം ചെയ്യുന്ന, അല്ലെങ്കിൽ വാങ്ങിയെടുക്കുന്ന ബഹുമതികളും പുരസ്ക്കാരങ്ങളും പോലെ ക്ലാവു പിടിച്ചതല്ല, യഥാർത്ഥ അംഗീകാരങ്ങൾ, അവയ്ക്ക് തിളക്കങ്ങളും ജ്വാലകളും ഏറെയുണ്ട്. അതിനാൽ വാങ്ങിച്ചെടുത്ത അവാർഡുകളിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും തേടിയെത്തുന്ന അംഗീകാരങ്ങൾ.

ബാലഗോപാലൻ

പ്രീത് നമ്പ്യാർ

വിപിൻ രവി

ആർ.സി കരിപ്പത്ത്

ഈ അർത്ഥത്തിലാണ് അടുത്തിടെ പ്രഖ്യാപിക്കപ്പെട്ട ഏതാനും അവാർഡുകളെ കാണേണ്ടതും വിലയിരുത്തേണ്ടതും. അർഹതപ്പെട്ട സമക്ഷങ്ങളിൽ തന്നെ ആദരവ് എത്തിച്ചേർന്നുവെന്നു ബോധ്യപ്പെടുമ്പോഴും ചുറ്റിലും കാണുന്ന ആശങ്കകൾ കാണാതിരിക്കാനുമാകില്ല.

അടുത്തിടെ പ്രഖ്യാപിക്കപ്പെട്ട അവാർഡുകളിൽ നാലെണ്ണം ലഭിച്ചത് കാസർകോട് ജില്ലയിലുള്ളവർക്കാണ്. ഇവരിൽ രണ്ടുപേർ മലയാളത്തിന്റെ പ്രിയ മഹാകവി കുഞ്ഞിരാമൻ നായരുടെ ജന്മം കൊണ്ട് പ്രകാശപൂർണ്ണമായ വെള്ളിക്കോത്തു സ്വദേശികളെന്നു കൂടി അറിയുമ്പോൾ ഇരട്ടി മധുരത്തിനു വകയുണ്ട്.

കവിയും തിരക്കഥാകൃത്തുമായ എൻ.വി.ഭാസ്ക്കരന്റെ സ്മരണാർത്ഥം കൊടുങ്ങല്ലൂർ കാവ്യ മണ്ഡലം ഏർപ്പെടുത്തിയ പുരസ്ക്കാരം തേടിയെത്തിയത്. മഹാകവിയുടെ നാട്ടുകാരനായ ബാലഗോപാലൻ കാഞ്ഞങ്ങാടിനെയാണ്. “ബീരാൻ കുന്നിലെ മാപ്പിളക്കണ്ടങ്ങൾ” എന്ന കവിതയാണ് അവാർഡിനു അർഹനാക്കിയത്. ഭാഷയും എഴുത്തിന്റെ കൈയടക്കവും പ്രമേയത്തിലെ ശാലീനതയും കരുത്തും ഒക്കെ പരിഗണിക്കപ്പെട്ടപ്പോൾ അവാർഡ് ബാലഗോപാലിലേയ്ക്കു തന്നെ എത്തുകയായിരുന്നു.

വിദ്യാഭ്യാസ വകുപ്പിൽ ജീവനക്കാരനായ ബാലഗോപാലന്റെ ആദ്യത്തെ കവിതാ സമാഹാരമായ “ഒറ്റയ്ക്ക് മരിച്ച മരം” 16 വർഷങ്ങൾക്ക് മുമ്പാണ് പുറത്തിറങ്ങിയത്. അടുത്തു തന്നെ രണ്ടാമത്തെ പുസ്തകം ഇറങ്ങാനുള്ള തയ്യാറെടുപ്പുകൾക്കിടയിലാണ് എൻ.വി.ഭാസ്ക്കരൻ പുരസ്ക്കാരം ‘യുവകവി’ കളുടെ കൂട്ടത്തിൽപെടാത്ത ഈ മുതിർന്ന കവിയെ തേടിയെത്തിയത്.ജീവിത സമന്വയ പുരസ്ക്കാരം, പാലക്കാട് കെ.എസ് എഴുത്തച്ഛൻ പുരസ്ക്കാരം തുടങ്ങിയവ നേരത്തെ നേടിയിട്ടുണ്ട്.

ലീനയാണ് ഭാര്യ. ഗൗരി, പാർവ്വതി, ശിവതേജ് എന്നിവർ മക്കളാണ്.

ബാലഗോപാലിന്റെ പുരസ്ക്കാര വാർത്ത പുറത്തു വന്നതിനു പിന്നാലെയാണ് മറ്റൊരു സന്തോഷ വാർത്ത കൂടി കവിയുടെ ജന്മനാടിനെ തേടിയെത്തിയത്. ആഗോള സമാധാനത്തിനുള്ള ഇറ്റാലിയൻ ബഹുമതി ഇംഗ്ലീഷ് സാഹിത്യ കാരനും റൈറ്റേഴ്സ് ക്യാപിറ്റൽ ഇന്റർ നാഷണൽ സ്ഥാപക അധ്യക്ഷനുമായ പ്രീത് നമ്പ്യാർക്ക് എന്നതായിരുന്നു ആ വാർത്ത. യു.എന്നിന്റെ കീഴിലുള്ള റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന കൾച്ചർ കമ്പിയന്റ് ഇന്റർനാഷണൽ അസോസിയേഷനും സെന്റർ ഫോർ പീസും സംയുക്തമായി നൽകുന്ന അവാർഡാണ് പ്രീത് നമ്പ്യാരെ തേടിയെത്തിയത്.സാഹിത്യരചനയിലൂടെ ആഗോള സമാധാനത്തിനായി നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്.

പ്രസിദ്ധമായ രണ്ടു അവാർഡുകൾ കവിയുടെ നാട്ടുകാർ കൈയിലൊതുക്കിയപ്പോൾ യുകെയിലെ സ്ക്രീൻപവർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച എഡിറ്റർക്കുള്ള പുരസ്ക്കാരം ലഭിച്ച വിപിൻ രവി എം.ആർ, കവി നാടിന്റെ അയൽപക്കമായ കാഞ്ഞങ്ങാട് പടന്നക്കാട് സ്വദേശിയാണ് ജയൻ മാങ്ങാട്. രചനയും സംവിധാനവും നിർവ്വഹിച്ച “തെയ്യാട്ടം” ഡോക്യുമെന്ററിയുടെ എഡിറ്റിംഗിലെ മികവിനെയാണ് അവാർഡിനു അർഹനാക്കിയത്. വിവിധ മേളകളിൽ അംഗീകരിക്കപ്പെടുകയും അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്ത ഡോക്യുമെന്ററിയാണ് ‘തെയ്യാട്ടം’.

സപര്യ സാഹിത്യ പുരസ്ക്കാരം നേടിയ ഡോ.ആർ സി.കരിപ്പത്തും കാസർകോട് ജില്ലക്കാരനും തെയ്യത്തിന്റെ തോറ്റങ്ങളും ചെണ്ടയുടെ അസുരതാളവും ചിലമ്പിന്റെ മുഴക്കവും കണ്ടും കേട്ടും വളർന്ന എഴുത്തുകാരനാണ്. തെയ്യങ്ങളിലൂടെയും അവയുടെ തോറ്റങ്ങളിലൂടെ ഒരായുഷ്ക്കാലം മുഴുവൻ സഞ്ചരിക്കുകയും ഓരോ ചിലമ്പൊലിക്കും നിർവചനങ്ങൾ നൽകുകയും ചെയ്ത എഴുത്തുകാരൻ എന്നതു കൂടി കണക്കിലെടുത്താണ് കരിപ്പത്തിനു സപര്യ സാഹിത്യ പുരസ്ക്കാരം നൽകുന്നത്.

നാട്ടു സംസ്കൃതി ഡയറക്ടർ, ചെറുശ്ശേരി പൈതൃക പഠനകേന്ദ്രം ഉപാധ്യക്ഷൻ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്ന കരിപ്പത്ത് തെയ്യപ്രപഞ്ചം എന്ന കൃതിയുടെ കർത്താവാണ്. പുറമെ ഒട്ടേറെ പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. കവിയും പ്രഭാഷകനും ഗവേഷകനും നാടൻ കലകളുടെ കുലപതിയുമൊക്കെയായ കരിപ്പത്തിനെ തേടിയെത്തിയത് അർഹിക്കുന്ന അവാർഡു തന്നെയാണ്.

കണ്ണാലയം നാരായണൻ ○

കവിത

എന്റെ കവിത

ആവശ്യങ്ങളങ്ങനെ എന്റെ കാര്യം ആദ്യം
ഞാനന്നേ പറഞ്ഞതല്ലേ
എന്നീ മട്ടിൽ ക്യൂ നിന്നും നിരതെറ്റിച്ചും
തിരക്കു കൂട്ടുന്നു.
അതിനിടെ കിട്ടാനുള്ള കൂലിയിലേറെയും
അഡ്വാൻസായും അല്ലാതെയും
വാങ്ങി മാസാവസാനമായിട്ടും
ഒന്നും കയ്യിൽ കിട്ടാനില്ലാതിരിക്കുമ്പോഴാണ്
മുടങ്ങിപ്പോയ എൽ ഐ സി പ്രീമിയം
അടക്കണമെന്നു പറയാൻ
ഏജന്റു കാറിൽ വന്നിറങ്ങുന്നത്.
ഇതിലൊരു കവിതയുടെ സാധ്യത
ഉരുത്തിയിരിയുന്നതിനിടെയാണ്
കവിത പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിനു
കാശു ചോദിച്ച് കവി സുഹൃത്തെത്തുന്നത്
വെള്ളത്തിനെന്ന പോലെ
പണത്തിനും ബദലില്ലാത്ത
ഇക്കാലത്തു ജീവിക്കാൻ പോട്ടെ,
കവിയാകാമെങ്കിലും ഞാൻ പെടുന്ന പാട്
നീയല്ലാതെ ആരറിയുന്നു, എന്റെ കവിത...

രവീന്ദ്രൻ പാടി

കഥ

പുനർജ്ജനിയുടെ സുഗന്ധം

ചില ജന്മങ്ങൾ അങ്ങനെയാണ്.കാര്യമായ അടയാളപ്പെടുത്തലുകളൊന്നും കൂടാതെ തനിക്കും മറ്റുള്ളവർക്കുമായി ജീവിതം ജീവിച്ചു തീർക്കുന്നവർ...പകലന്തിയോളം പുഴയോടും കടലിനോടും മല്ലിട്ട് കുടുംബത്തിന്റെ നിത്യച്ചെലവിനു പോലും കഷ്ടപ്പെടുന്ന ഒരു സമൂഹം... ചിലരാകട്ടെ സൂര്യൻ കത്തി നിൽക്കുന്ന സമയത്തു പോലും റോഡരികിലും മറ്റും ഇരുന്ന് മത്സ്യം വിറ്റു കുടുംബത്തിന്റെ വയർ നിറക്കാനും മക്കളുടെ വിദ്യാഭ്യാസത്തിനും മറ്റുമായി അധ്വാനിക്കുന്നു. അക്ഷരാർത്ഥത്തിൽ അത്തരക്കാരോട് അറപ്പും വെറുപ്പും തന്നെയായിരുന്നു എനിക്കും. അവരുടെ ശരീരത്തിൽ നിന്നുയരുന്ന മീനിന്റെ ദുർഗന്ധമേറ്റാൽ ഓക്കാനിക്കാൻ വരുമെന്ന് സുഹൃത്തുക്കളോട് തമാശ പറഞ്ഞ് ചിരിച്ച ഒരു കാലം എനിക്കുമുണ്ടായിരുന്നു. എന്നാലീയിടെ പ്രളയദുരന്തത്തിൽ പെട്ട് മരണത്തെ മുഖാമുഖം കണ്ട് വീടിന്റെ ടെറസ്സിൽ അഭയം തേടിയപ്പോൾ പ്രതീക്ഷയുടെ തോണി തുഴഞ്ഞെത്തി മരണ തീരത്തു നിന്ന് എന്നെ കരകയറ്റിയത് അതേ ‘ദുർഗന്ധം ‘പേറുന്നവർ തന്നെയായിരുന്നു.

ജീവൻ പോലും പണയം വച്ച് ഭക്ഷണവും വെള്ളവും വിശ്രമവുമില്ലാതെ തന്നെ ദൈവത്തിന്റെ ആ പടയാളികൾ ഞങ്ങളിൽ പലരെയും രക്ഷിച്ചു; മനുഷ്യർ എത്ര നിസ്സാരരെന്നു പഠിപ്പിച്ചു.

അവരുടെ കാരുണ്യ കരങ്ങളിൽ കൈകോർത്തപ്പോൾ ഞാൻ അനുഭവിച്ചറിഞ്ഞ ആ മണം പിന്നീട് എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഗന്ധമായി മാറി. ഓൺലൈൻ ക്ലാസ്സിൽ ’അതിജീവനം’ എന്ന വിഷയത്തിൽ ലേഖനമെഴുതാൻ ടീച്ചർ ആവശ്യപ്പെട്ടുവെന്നു പറഞ്ഞ് ഫോണുമെടുത്ത് മണിക്കുട്ടി മുന്നിൽ വന്നപ്പോൾ എന്റെ നാസികയിൽ ഓർമ്മകളുടെ തിരയിളക്കം സൃഷ്ടിച്ചത് അതേ മണം തന്നെയായിരുന്നു.
അതിജീവനത്തിന്റെ...
ദയാ വായ്പിന്റെ....
പുനർജ്ജനിയുടെ...
ആ സുഗന്ധം.

സജേഷ്.എം.തൃക്കരിപ്പൂർ